പതിനഞ്ചാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2021-2023)

## രണ്ടാമത് റിപ്പോർട്ട്

**[ശാസ്ത്രസാങ്കേതിക വകുപ്പിനെ സംബന്ധിച്ചും തീരദേശപരിപാലന നിയമം സംബന്ധിച്ചും]**

(2022 മാർച്ച് മാസം 17-ാംതീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

**പതിനഞ്ചാം കേരള നിയമസഭ**

**എസ്റ്റിമേറ്റ്സ് കമ്മിറ്റി**
**(2021-2023)**

**രണ്ടാമത് റിപ്പോർട്ട്**

**[ശാസ്ത്രസാങ്കേതിക വകുപ്പിനെ സംബന്ധിച്ചും തീരദേശപരിപാലന നിയമം സംബന്ധിച്ചും]**

(2022 മാർച്ച് മാസം 17-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**ഉള്ളടക്കം**


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | v |
| മുഖവുര | : | vii |
| റിപ്പോർട്ട് | : | 1 |

## എസ്റ്റിമേറ്റ്സ് കമ്മിറ്റി
## (2021 - 2023)

**ഘടന**

**<u>അദ്ധ്യക്ഷൻ :</u>**

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

**<u>അംഗങ്ങൾ:</u>**

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ശ്രീ. പി. പി. ചിത്തരഞ്ജൻ

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. എം. എം. മണി

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ശ്രീ. എൻ. ഷംസുദ്ദീൻ

**<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>**

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി.

ശ്രീമതി രജനി വി. ആർ., ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷീബാ വർഗീസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി അമ്പിളി പി., അണ്ടർ സെക്രട്ടറി

# <u>മുഖവുര</u>

എസ്റ്റിമേറ്റ്സ് കമ്മിറ്റി(2021-23)യുടെ അദ്ധ്യക്ഷയായ ഞാൻ കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ശാസ്ത്ര സാങ്കേതിക വകുപ്പിനെ സംബന്ധിച്ച് ഒരു പഠനം നടത്തുവാൻ സമിതി തീരുമാനിക്കുകയും വകുപ്പിൽനിന്ന് റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു. വകുപ്പിൽ നിന്ന് ലഭ്യമായ റിപ്പോർട്ടുകളുടെയും സമിതിയുടെ വിവിധ യോഗങ്ങളിൽ ഈ വിഷയം പരിഗണിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ തീരദേശ പരിപാലനനിയമം സംബന്ധിച്ച് പരിസ്ഥിതി, മത്സ്യബന്ധന തുറമുഖം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിൽ നിന്ന് 08.12.2021-ൽ സമിതി തെളിവെടുപ്പ് നടത്തി. സമിതിയുടെ തെളിവെടുപ്പ് ചർച്ചകളുടെയും വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സമിതിയുടെ നിഗമനങ്ങളും ശിപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് ഈ റിപ്പോർട്ട്.

2022 മാർച്ച് മാസം 14-ാം തീയതി ചേർന്ന യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

തിരുവനന്തപുരം,<br>2022 മാർച്ച് 17.

**കെ. കെ. ശൈലജ ടീച്ചർ,**<br>അദ്ധ്യക്ഷ,<br>എസ്റ്റിമേറ്റ്സ് കമ്മിറ്റി.

# റിപ്പോർട്ട്

സാങ്കേതിക വിദ്യയുടെ വളർച്ച ഒരു രാജ്യത്തിന്റെ വികസനത്തിന്റെ പ്രധാന ഘടകമാണ്. രാജ്യത്തെ യുവജനങ്ങളെ ശാസ്ത്രരംഗത്തേക്കും അതിലൂന്നിയ ഗവേഷണങ്ങളിലേക്കും കൊണ്ടുവരാൻ സാധിച്ചതാണ് വികസിതരാജ്യങ്ങളിലെ വ്യാവസായിക വളർച്ചയുടെ പ്രധാനകാരണം. ശാസ്ത്ര സാങ്കേതിക മേഖലയിലെ ഗവേഷണങ്ങൾക്കും കണ്ടുപിടുത്തങ്ങൾക്കും ലോകരാജ്യങ്ങൾ വളരെയധികം ഊന്നൽ നല്കുന്നുണ്ട്. എന്നാൽ, ഇത്തരം ഗവേഷണ പദ്ധതികൾക്കുള്ള പ്രാധാന്യം മനസ്സിലാക്കി നമ്മുടെ രാജ്യത്തും കൂടുതൽ ഗവേഷണ സംരംഭങ്ങൾ ശക്തമാക്കി മുന്നോട്ട് പോകേണ്ടതുണ്ട്. ആരോഗ്യപരിരക്ഷ, ഊർജ്ജസുരക്ഷ, കാലാവസ്ഥാ വ്യതിയാനം, വ്യവസായ വൽക്കരണം, ദേശീയ സുരക്ഷ തുടങ്ങിയ നിരവധി മേഖലകളിൽ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിന് സാങ്കേതിക വിദ്യയുടെ വളർച്ച അത്യന്താപേക്ഷിതമാണ്.

2. ഈ വിഷയത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് ശാസ്ത്രസാങ്കേതിക വകുപ്പിനെ സംബന്ധിച്ച് ഒരു പഠനം നടത്തുന്നതിന് എസ്റ്റിമേറ്റ്സ് കമ്മിറ്റി (2011-2014) തീരുമാനിക്കുകയും ഇത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാൻ വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തു. പഠനാരംഭകാലയളവിൽ ശാസ്ത്രസാങ്കേതിക വകുപ്പിന് കീഴിലായിരുന്ന തീരദേശ പരിപാലന അതോറിറ്റി 01.04.2017 മുതൽ പരിസ്ഥിതി വകുപ്പിന്റെ കീഴിലേക്ക് മാറ്റപ്പെടുകയും തുടർന്ന് ടി വിഷയവുമായി ബന്ധപ്പെട്ട് ശാസ്ത്രസാങ്കേതിക വകുപ്പിനോട് ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് പരിസ്ഥിതി വകുപ്പ് ലഭ്യമാക്കുകയും ചെയ്തു. സമിതി ആരാഞ്ഞ വിഷയങ്ങളിലെ 'തീരദേശ പരിപാലന നിയമം' ഇതിനിടെ കേന്ദ്രസർക്കാർ പരിഷ്കരിച്ചതുമൂലം പ്രസ്തുത നിയമത്തിന് അനുബന്ധമായി സംസ്ഥാന സർക്കാർ രൂപീകരിക്കേണ്ട നിയമങ്ങളുടെ സങ്കീർണ്ണതകൾ മറുപടി ലഭ്യമാക്കുന്നതിൽ കാലതാമസം സൃഷ്ടിച്ചു. പരിസ്ഥിതിവകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച സമിതി, തീരദേശപരിപാലന നിയമം സംബന്ധിച്ച് കൂടുതല് വിവരങ്ങൾ ആരായുന്നതിനായി പരിസ്ഥിതി, തദ്ദേശസ്വയംഭരണം, മത്സ്യബന്ധനതുറമുഖം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്ന്

08.12.2021 -ന് തെളിവെടുപ്പ് നടത്തി. പ്രസ്തുത തെളിവെടുപ്പിന്റേയും വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ തീരദേശ പരിപാലന നിയമം സംബന്ധിച്ചും ശാസ്ത്രസാങ്കേതിക വകുപ്പിനെ സംബന്ധിച്ചും സമിതി എത്തിച്ചേർന്ന നിഗമനങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

## I ശാസ്ത്രസാങ്കേതിക വകുപ്പ്

3. കേരളത്തിൽ വിവിധ മേഖലകളിലെ ഗവേഷണങ്ങൾക്കായി ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിൽ 7 സ്ഥാപനങ്ങളുണ്ട്.

### (1). ജലവിഭവ വികസന കേന്ദ്രം

ജലവിഭവം കൈകാര്യം ചെയ്യുന്ന മേഖലയിലെ ഗവേഷണവികസന ആവശ്യങ്ങൾ തിരിച്ചറിയുന്നതിനും പോഷിപ്പിക്കുന്നതിനും ആണ് സി.ഡബ്ല്യു.ആർ.ഡി.എം. സ്ഥാപിച്ചത്.

### (2). കേരള വന ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് (കെ.എഫ്.ആർ.ഐ)

വനശാസ്ത്രം, ജൈവ വൈവിധ്യം തുടങ്ങിയവയിൽ ഗവേഷണം നടത്തുന്നതിനായി സ്ഥാപിച്ചതാണ് കെ.എഫ്.ആർ.ഐ. വനശാസ്ത്രത്തെക്കുറിച്ചും ഉഷ്ണമേഖലാ വനങ്ങളെക്കുറിച്ചും ഗവേഷണം നടത്തുന്ന ബഹുവിധ വിജ്ഞാനശാഖകളിലുള്ള ഒരു വിദഗ്ധ സംഘമാണ് കെ.എഫ്.ആർ.ഐ.

### (3). നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആന്റ് റിസർച്ച് സെന്റർ (നാറ്റ്പാക്)

ട്രാഫിക് എഞ്ചിനീയറിംഗ്, ഗതാഗത ആസൂത്രണം, ഹൈവേ എഞ്ചിനീയറിംഗ്, പൊതുഗതാഗത സംവിധാനം, ഉൾനാടൻ ജലഗതാഗതം, വിനോദസഞ്ചാര ആസൂത്രണം, ഗ്രാമീണ റോഡുകൾ, ഗതാഗത ഊർജ്ജവും അന്തരീക്ഷ സ്വാധീനനിർണ്ണയവും തുടങ്ങിയ മേഖലകളിലുള്ള ഗവേഷണ, ഉപദേശകജോലികളാണ് നാറ്റ്പാക് ഏറ്റെടുത്തിരിക്കുന്നത്.

### (4). ജവഹർലാൽ നെഹ്റു ട്രോപ്പിക്കല് ബോട്ടാണിക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (റ്റി.ബി.ജി.ആർ.ഐ)

ജനങ്ങളുടെ നന്മയ്ക്കായി ഭാരതത്തിന്റെ, പ്രത്യേകിച്ച് കേരളത്തിന്റെ സസ്യജൈവവൈവിധ്യത്തിന്റെ സംരക്ഷണവും നീണ്ടുനിൽക്കുന്ന ഉപയോഗവും മുന്നിൽ കണ്ട് സ്ഥാപിച്ചതാണ് റ്റി.ബി.ജി.ആർ.ഐ.

**(5). കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് (കെ.എസ്.ഒ.എം.)**

ഭാരതസർക്കാരിന്റെ ആണവ ഊർജ്ജവിഭാഗത്തിന്റെ കീഴിൽ കെ.എസ്.സി.എസ്.ടി.ഇ. യുടെയും നാഷണൽ ബോർഡ് ഓഫ് ഹയർ മാത്തമാറ്റിക്സിന്റെയും സംയുക്തസംരംഭമാണ് കെ.എസ്.ഒ.എം. രാജ്യത്തെ, പ്രത്യേകിച്ച് കേരളത്തിന്റെ ഗണിതഗവേഷണം പ്രോത്സാഹിപ്പിക്കുക എന്നതാണ് ഇതിന്റെ പ്രധാന ഉദ്ദേശ്യം.

**(6). ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസ് (എസ്.ആർ.ഐ.ബി.എസ്)**

അടിസ്ഥാന ശാസ്ത്രത്തിൽ ഗവേഷണം, പരിശീലനം, പഠനം എന്നിവയ്ക്കായി വിഭാവനം ചെയ്തിട്ടുള്ള ഒരു കാര്യശേഷി വികസന സ്ഥാപനമാണ് ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസ് (എസ്.ആർ.ഐ.ബി.എസ്.). അടിസ്ഥാന ശാസ്ത്രത്തിലെ പ്രധാന മേഖലകളിൽ കാര്യമായ സംഭാവന നൽകുന്ന വിധത്തിലുള്ള ഗവേഷണപഠനങ്ങൾ ഏറ്റെടുക്കുക, ആഗോളതലത്തിൽ ശാസ്ത്രജ്ഞർ തമ്മിൽ ബൗദ്ധിക ചർച്ചകൾക്ക് അവസരമൊരുക്കുക, വെല്ലുവിളി നേരിടുന്ന താത്വിക മേഖലകളിൽ ഗവേഷണം നടത്താൻ പര്യാപ്തരായ ശാസ്ത്രജ്ഞർ തമ്മിൽ ശക്തമായ ഒരു പരസ്പരബന്ധം കെട്ടിപ്പടുക്കുക, അടിസ്ഥാനശാസ്ത്രജ്ഞർ യുവശാസ്ത്രജ്ഞർക്ക് പരിശീലനം ലഭ്യമാക്കുക എന്നിവയാണ് ഈ സ്ഥാപനത്തിന്റെ പരമമായ ലക്ഷ്യം.

**(7). മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസസ് (എം.ബി.ജി.ഐ.പി.എസ്)**

മലബാർ മേഖലയിലെ വൈവിദ്ധ്യമാർന്ന ജലസസ്യങ്ങൾ, ചെറിയ ഇനം സസ്യങ്ങൾ, വംശനാശഭീഷണി നേരിടുന്ന സസ്യങ്ങൾ എന്നിവയുടെ സംരക്ഷണത്തിനും ഗവേഷണത്തിനും സസ്യശാസ്ത്രത്തിന്റെ വിവിധ മേഖലകൾ സംബന്ധിക്കുന്ന വിജ്ഞാനം പകർന്നു നൽകുന്നതിനും വേണ്ടിയുള്ള സ്ഥാപനമാണ് മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസസ് (എം.ബി.ജി.ഐ.പി.എസ്).

4. വിവിധ ശാസ്ത്ര വിഭാഗങ്ങൾ, ശാസ്ത്ര സാങ്കേതിക പ്രോത്സാഹന വിഭാഗം, സ്പെഷ്യൽ പ്രോഗ്രസ് ആന്റ് പ്രോജക്ട് മാനേജ്മെന്റ് ഡിവിഷൻ, കേരള ജൈവവൈവിധ്യ സാങ്കേതിക വിദ്യ കമ്മീഷൻ, വനിതാ ശാസ്ത്രവിഭാഗം തുടങ്ങിയവയും കെ.എസ്.സി.എസ്.ടി.ഇ യുടെ പ്രവർത്തന വിഭാഗങ്ങളാണ്. ഇവയ്ക്കായി പ്ലാൻ ഇനത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ 131.64 കോടി രൂപയാണ് ബഡ്ജറ്റിൽ

അനുവദിച്ചിട്ടുള്ളത്. എന്നാൽ നമ്മുടെ സംസ്ഥാനത്തെ സംബന്ധിക്കുന്ന നിരവധി പദ്ധതികൾക്കായുള്ള ഗവേഷണ പരിപാടികൾക്ക് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് തുടങ്ങിയ ദേശീയതലത്തിലുള്ള ഗവേഷണസ്ഥാപനങ്ങളെ പലപ്പോഴും ആശ്രയിക്കേണ്ടതായി വരുന്നു. പ്രസ്തുത സ്ഥാപനങ്ങളുടെ ഗുണനിലവാരവും പശ്ചാത്തലസൗകര്യങ്ങളും അവയെ മെച്ചപ്പെട്ട ഗവേഷണങ്ങൾക്ക് പ്രാപ്തമാക്കുന്നു. ഇത്തരത്തിൽ ഗുണനിലവാരമുള്ള ഗവേഷണസ്ഥാപനങ്ങൾ സംസ്ഥാനത്തിന്റേതായി ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. ആയതിനാൽ **സംസ്ഥാനത്ത് അന്താരാഷ്ട്ര നിലവാരമുള്ള കൂടുതൽ ഗവേഷണസ്ഥാപനങ്ങൾ വളർത്തിക്കൊണ്ടുവരുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്യേണ്ടതാണെന്നും അതിനായി ബഡ്ജറ്റിൽ പ്രത്യേകം തുക വകയിരുത്തേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.**

5. സംസ്ഥാനത്ത് വിവിധ വിഷയങ്ങളിൽ ഗവേഷണങ്ങൾക്കായി മുന്നോട്ട് വരുന്ന വിദ്യാർത്ഥികൾക്ക് ഗവേഷണ ഗൈഡുമാരുടെ ദൗർലഭ്യം നേരിടുന്നതായി സമിതി മനസ്സിലാക്കുന്നു. ബിരുദാനന്തര ബിരുദകോഴ്സുകൾക്ക് ഉയർന്ന മാർക്ക് നേടി ഗവേഷണങ്ങൾക്കായി മുന്നോട്ട് വരുന്ന വിദ്യാർത്ഥികൾക്കുപോലും ഗൈഡുമാരുടെ അഭാവം മൂലം ആയത് ഉപേക്ഷിക്കേണ്ടി വരുന്ന സാഹചര്യവും നിലനിൽക്കുന്നു. **ഇതിന് പരിഹാരം കാണുന്നതിന് സംസ്ഥാനത്തെ ഗവേഷണ സ്ഥാപനങ്ങളിൽ കൂടുതൽ റിസർച്ച് ഗൈഡുമാരുടെ സേവനം ലഭ്യമാക്കുന്നതിനും ഗൈഡുമാരുടെ സേവനത്തിനായുള്ള മുൻഗണനാ ക്രമങ്ങൾക്കായി പ്രത്യേക മാനദണ്ഡങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

6. മുൻകാലങ്ങളെ അപേക്ഷിച്ച് ശാസ്ത്ര വിദ്യാർത്ഥികൾ ഗവേഷണ പരിപാടികൾക്കായി വിദേശ രാജ്യങ്ങളിലേക്ക് പോകുന്ന പ്രവണത ഇന്ന് വളരെ കൂടുതലാണ്. ശാസ്ത്ര വിദ്യാർത്ഥികൾ ഗവേഷണത്തിനായി വിദേശരാജ്യങ്ങളിലേയ്ക്ക് പോകുന്നതും കൂടുതൽ വിദേശ തൊഴിലവസരങ്ങൾ തേടുന്നതും ശാസ്ത്രസാങ്കേതിക രംഗത്ത് നമ്മുടെ രാജ്യത്തിന് ഊർജ്ജസ്വലതയും ധിഷണാശേഷിയും കൈമുതലായ യുവതലമുറയെന്ന മനുഷ്യ വിഭവത്തിന്റെ നഷ്ടത്തിന് കാരണമാകുന്നു. മെച്ചപ്പെട്ട ഗവേഷണസൗകര്യങ്ങളുടെ അഭാവവും ഗവേഷകർക്ക് മികച്ച തൊഴിലവസരങ്ങളും മെച്ചപ്പെട്ട പ്രതിഫലവും ഇല്ലാത്തതും ഇത്തരത്തിലുള്ള ബൗദ്ധികമായ വിഭവശോഷണത്തിന് കാരണമാകുന്നു. **ഗവേഷണത്തെ പ്രോത്സാഹിപ്പിക്കുന്നതിനും**

**അതിലൂടെ ഗവേഷകർക്ക് മികച്ച പ്രതിഫലവും അവസരങ്ങളും ഉറപ്പാക്കുന്നതിനുമായി കൂടുതൽ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

7. ഇന്ന് ശാസ്ത്രസാങ്കേതിക രംഗത്ത് പ്രായോഗികത ഏറിവരുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, അപ്ലൈഡ് മാത്തമാറ്റിക്സ് തുടങ്ങിയ മേഖലകളിലെ ഗവേഷണരംഗത്ത് കേരളത്തിൽ നിന്ന് കൂടുതൽ വിദ്യാർത്ഥികൾ കടന്നുവരാത്തതായ സാഹചര്യം നിലനിൽക്കുന്നുണ്ട്. ആയതിനാൽ **ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, അപ്ലൈഡ് മാത്തമാറ്റിക്സ് തുടങ്ങിയ വിഷയങ്ങൾ അടിസ്ഥാനപരമായി ഹൈസ്കൂൾ തലം മുതൽ കുട്ടികളുടെ പാഠ്യപദ്ധതികളിൽ ഉൾപ്പെടുത്തേണ്ടതും, പ്രസ്തുത വിഷയങ്ങളിലെ ഗവേഷണ മേഖലകളെ സംബന്ധിക്കുന്ന വിവരങ്ങൾകൂടി ഉൾപ്പെടുന്നതരത്തിൽ പാഠ്യപദ്ധതികൾ പരിഷ്കരിക്കേണ്ടതും അതിനാവശ്യമായ മാർഗ്ഗരേഖ വിദ്യാഭ്യാസ വകുപ്പിനായി തയ്യാറാക്കി നൽകേണ്ടതുമാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

8. **ഗണിതശാസ്ത്രത്തിൽ ഉന്നതനിലവാരത്തിലുള്ള പഠനത്തിനും ഗവേഷണത്തിനുമായി കേരള സർക്കാരിന്റെ ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലും ഭാരത സർക്കാരിന്റെ അറ്റോമിക് എനർജി വകുപ്പും സംയുക്തമായി കോഴിക്കോട് സ്ഥാപിച്ചതാണ് കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ്. ഇവിടെ കോളേജ് അധ്യാപകർക്കുള്ള വിവിധ പരിശീലന പരിപാടികൾ, ശില്പശാലകൾ, മാത്തമാറ്റിക്സ് ടാലന്റ് സെർച്ചും തുടർപരിശീലനവും മാത്തമാറ്റിക്സ് ഒളിമ്പ്യാഡ് പരിശീലനം എന്നിവ സംഘടിപ്പിക്കുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ 6.6 കോടി രൂപ പ്ലാൻ ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ഇത്തരം പ്രവർത്തന പരിപാടികൾക്കൊപ്പം പ്രസ്തുത സ്ഥാപനത്തിന്റെ വിഭവശേഷി പരമാവധി ഉപയോഗപ്പെടുത്തി ഗണിതശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം, ഗവേഷണം തുടങ്ങിയവയും പ്രസ്തുത വിഷയത്തിന്റെ വിവിധ നൂതന മേഖലകളിൽ സർട്ടിഫിക്കറ്റ് കോഴ്സുകളും ആരംഭിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

9. മുൻകാലങ്ങളെ അപേക്ഷിച്ച് ശാസ്ത്ര അദ്ധ്യാപന രംഗം കൂടുതൽ യാന്ത്രികമാകുന്ന പ്രവണത കണ്ടുവരുന്നു. ശാസ്ത്രവിദ്യാഭ്യാസം ഗുണമേന്മയുള്ളതും ഫലപ്രദവുമാണെങ്കിൽ മാത്രമേ ശക്തമായ അടിത്തറയുള്ളതും ശാസ്ത്രബോധമുള്ളതുമായ ഒരു തലമുറയെ

വാർത്തെടുക്കാൻ സാധിക്കുകയുള്ളൂ. ആയതിന് കുട്ടികളെ പ്രാപ്തരാക്കാൻ കഴിയുന്ന ആർജ്ജവമുള്ള സമർത്ഥരായ അധ്യാപകരുണ്ടാകുക എന്നത് വളരെ പ്രധാനമാണ്. ഇതിനായി **അധ്യാപകരെ പ്രാപ്തരാക്കാൻ ഉതകുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ സർക്കാർ/സർക്കാരിതര സ്കൂൾ അധ്യാപകർക്കായി തുടർച്ചയായ ഇടവേളകളിൽ ശാസ്ത്രസാങ്കേതിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കണമെന്നും സ്കൂളുകളിൽ കുട്ടികൾക്കായി ശാസ്ത്ര വിഷയങ്ങളിൽ വിഷയ വിദഗ്ദ്ധരുടെ പ്രഭാഷണ പരിപാടികൾ നിർബന്ധമായും സംഘടിപ്പിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.**

10. ആരോഗ്യമേഖല, ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ വെല്ലുവിളി നേരിടുന്ന കാലഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. വർത്തമാനകാലത്ത് പല രോഗങ്ങളെയും യഥാസമയം കൃത്യമായി കണ്ടെത്താൻ കഴിയാതെ വരുന്നതിന്റെ ഫലമായി രോഗലക്ഷണങ്ങളെ ചികിത്സിക്കേണ്ടതായ സാഹചര്യം സംജാതമാകുന്നുണ്ട് മാത്രമല്ല, ഇന്ന് ഉണ്ടാകുന്ന സങ്കീർണ്ണങ്ങളായ പല പുതിയ രോഗങ്ങൾക്കുമുള്ള പ്രതിവിധികൾ ഇനിയും കണ്ടെത്തേണ്ടിയുമിരിക്കുന്നു. **സങ്കീർണ്ണതകൾ ഏറെ കണ്ടുവരുന്ന ജനറൽ മെഡിസിൻ, ഓങ്കോളജി, ന്യൂറോ സയൻസ് തുടങ്ങിയ മേഖലകളിലെ ഗവേഷണപരിപാടികൾക്ക് കൂടുതൽ ഊന്നൽ നൽകേണ്ടതുണ്ട്. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട മെഡിക്കൽ, ഫാർമസി രംഗങ്ങളിൽ ഗവേഷണപരിപാടികൾക്കായി കൂടുതൽ തുക ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

11. ഇന്ന് നമ്മുടെ സംസ്ഥാനം നേരിടുന്ന പ്രധാന വെല്ലുവിളികളിൽ ഒന്ന് ശുദ്ധജലദൗർലഭ്യമാണ്. ഗ്രാമീണ ഭാരതത്തിലെ ഏകദേശം 88.5 % ജനങ്ങൾക്ക് ശുദ്ധജലം ലഭിക്കുന്നുണ്ടെങ്കിലും ജനസാന്ദ്രത കൂടിയ കേരളത്തിൽ അത് 30% മാത്രമാണ്. കുടിവെള്ള ശുദ്ധീകരണത്തിനായി ക്ലോറിനേഷൻ, ആർ.ഒ പ്ലാന്റ് വഴിയുള്ള ശുദ്ധീകരണം തുടങ്ങിയ നിരവധി മാർഗ്ഗങ്ങൾ സർക്കാർ അവലംബിക്കുന്നുണ്ട്. എന്നാൽ അനിയന്ത്രിതമായ തോതിൽ രാസവസ്തുക്കളും മറ്റു മാലിന്യങ്ങളും അടിഞ്ഞുകൂടുന്ന നമ്മുടെ ജലസ്രോതസ്സുകളുടെ ശുദ്ധീകരണത്തിന് ചെലവ് കുറഞ്ഞതും കൂടുതൽ മെച്ചപ്പെട്ടതുമായ നൂതന വിദ്യകൾ അനിവാര്യമാണ്.

കൂടാതെ ജലജന്യരോഗങ്ങളായ ഹെപ്പറ്റൈറ്റിസ്, ലെപ്റ്റോസ്പൈറോസിസ് തുടങ്ങിയ രോഗങ്ങളുടെ നിരക്കും മുൻകാലങ്ങളേക്കാൾ വർദ്ധിച്ചുവരുന്നു. മേൽ സാഹചര്യത്തിൽ ജലസംരക്ഷണ സാങ്കേതിക വിദ്യകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിൽ നാം കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. ആയതിനാൽ **ശുദ്ധജല സംരക്ഷണത്തിനും ശുദ്ധജലലഭ്യത ഉറപ്പാക്കുന്നതിനും ഉതകുന്ന തരത്തിൽ കൂടുതൽ ഗവേഷണ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണെന്നും അതിനായി കൂടുതൽ തുക ബഡ്ജറ്റിൽ വകയിരുത്തേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.**

12. വ്യാവസായിക രംഗത്തെ നിരവധി ഉത്പാദന പ്രക്രിയകൾ, ഭക്ഷ്യസംസ്കരണം, അവയുടെ സംഭരണം, രാസവസ്തുക്കളുടെ നിർമ്മാണം തുടങ്ങിയ മേഖലകളിൽ ശാസ്ത്ര ഗവേഷണങ്ങൾ ഫലപ്രദമാകേണ്ടതുണ്ട്. **മുൻനിര ആഗോള ഗവേഷണ സ്ഥാപനങ്ങളെപ്പോലെ, സ്വകാര്യ വ്യവസായിക സ്ഥാപനങ്ങൾക്കുവേണ്ടി നടത്തുന്ന തൊഴിലധിഷ്ഠിത ഗവേഷണങ്ങളുടെയും ഗുണനിലവാരം ഉറപ്പാക്കേണ്ടതാണ്. ഇതിനായി കാലഘട്ടത്തിന്റെ ആവശ്യകതയ്ക്ക് അനുസരിച്ച് ഗവേഷണ വിഷയങ്ങൾ തെരഞ്ഞെടുക്കേണ്ടതാണെന്നും ഉത്തരവാദിത്തമുള്ള ഒരു ഗവേഷകസമൂഹത്തെ സൃഷ്ടിക്കുന്ന തരത്തിൽ ഗവേഷണ സ്ഥാപനങ്ങളുടെ പ്രവർത്തന രീതികളെ ചിട്ടപ്പെടുത്തേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.**

13. പ്രകൃതി വിഭവങ്ങളുടെ വിവേകപൂർണമായ ഉപയോഗവും സംരക്ഷണവും ഭാവിതലമുറയുടെ സുസ്ഥിരജീവിതത്തിന് അത്യന്താപേക്ഷിതമാണ്. ആയതിനാൽ പ്രകൃതി വിഭവങ്ങൾ മെച്ചപ്പെട്ട രീതിയിൽ ഉപയോഗിക്കുന്നതിനും അവയുടെ ശോഷണം തടയുന്നതിനുമുള്ള സാങ്കേതിക വിദ്യകളുടെ വികസനം ഇന്ന് വളരെയേറെ പ്രാധാന്യം അർഹിക്കുന്നു. ഇതിനായി വിവിധ ഗവേഷണ സ്ഥാപനങ്ങളുടെ പരസ്പര പങ്കാളിത്തത്തോടെ പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്. **പ്രകൃതി വിഭവങ്ങളുടെ കാര്യക്ഷമമായ ഉപഭോഗം ഉറപ്പുവരുത്തുന്ന രീതിയിൽ ശാസ്ത്ര സാങ്കേതിക വിദ്യയുടെ പ്രായോഗികത പ്രോത്സാഹിപ്പിക്കുന്നതിനായി കൂടുതൽ ഗവേഷണ പരിപാടികൾ സംഘടിപ്പിക്കുന്നതിനുമുള്ള നയങ്ങൾ രൂപീകരിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

14. ശാസ്ത്ര സേവനങ്ങൾക്കും ഗവേഷണങ്ങൾക്കുമായി ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. പല ഗവേഷണ

സ്ഥാപനങ്ങളും ആരംഭിക്കുന്നതിന് വലിയ അളവിൽ ബഡ്ജറ്റ് വിഹിതം വിനിയോഗിച്ച് ഭൂമിയേറ്റെടുക്കലും ശിലാസ്ഥാപനവും പോലുള്ള പ്രാഥമിക നടപടികൾ മാത്രം പൂർത്തിയാക്കുകയും പിന്നീട് വേണ്ടത്ര പരിഗണന ലഭിക്കാതെ പദ്ധതി വിഹിതം പാഴായിപ്പോയിട്ടുള്ളതുമായ വിവിധ പദ്ധതികൾ ഉള്ളതായി സമിതി മനസ്സിലാക്കുന്നു. മതിയായ പഠനവും ആസൂത്രണവുമില്ലാതെ പദ്ധതികൾ ആരംഭിക്കുന്നതും തുടർനടപടികൾ സംബന്ധിച്ച് കൃത്യമായ ഇടവേളകളിൽ അവലോകന യോഗങ്ങൾ ചേരാത്തതും പദ്ധതിവിഹിതം സമയബന്ധിതമായി നൽകാതെ വരുന്നതും പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് തടസ്സം സൃഷ്ടിക്കുന്നതാണ്. **ആയതിനാൽ മുടങ്ങിക്കിടക്കുന്ന ഗവേഷണ പദ്ധതികൾ പുനരുജ്ജീവിപ്പിക്കുന്നതിനും പദ്ധതികളുടെ തുടർനടപടി നിരീക്ഷിക്കുന്നതിനും കൃത്യമായ ഇടവേളകളിൽ അവലോകന ങ്ങൾക്കുമായി വകുപ്പ് സെക്രട്ടറി ഉൾപ്പെടുന്ന വകുപ്പുതല മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

15. ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിലുള്ള പല പദ്ധതികൾക്കുമുള്ള ബഡ്ജറ്റ് വിഹിതം പല തവണകളായാണ് ലഭിക്കുന്നത് എന്നും അവ സമയബന്ധിതമായി ലഭിക്കുന്നതിലുണ്ടാകുന്ന കാലതാമസം പദ്ധതിയുടെ പൂർത്തീകരണത്തിന് തടസ്സമാകുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. ഗവേഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ അതിനായുള്ള തയ്യാറെടുപ്പുകളിലെ പല ഘടകങ്ങളും ഇതുമൂലം വൈകുന്നതായും അവസാന ഗഡു ലഭിക്കുന്നത് ധനകാര്യ വർഷത്തിലെ അവസാന ആഴ്ചകളിൽ മാത്രമാണെന്നതിനാൽ പല അവസരങ്ങളിലും തുക ചെലവഴിക്കാൻ കഴിയാതെ വരുന്ന സാഹചര്യം നിലനില്ക്കുന്നതായും വകുപ്പിൽ നിന്ന് ലഭിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സമിതി വിലയിരുത്തുന്നു. ആയതിനാൽ **പദ്ധതി വിഹിതം സമയബന്ധിതമായി നൽകുന്നതിൽ ശ്രദ്ധ ചെലുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

16. ശാസ്ത്രം അറിവും, സാങ്കേതികവിദ്യ അറിവിന്റെ പ്രയോജനകരമായ ഉപയോഗപ്പെടുത്തലുമാണ്. സാങ്കേതിക വിദ്യയിൽ മികവ് പുലർത്തുന്ന ശാസ്ത്രബോധമുള്ള ഒരു തലമുറ സാമ്പത്തികവും സാമൂഹികവും ബൗദ്ധികവുമായി ഉന്നതനിലവാരത്തിലുള്ള ഒരു സമൂഹത്തിന്റെ അടയാളപ്പെടുത്തലാണ്. രാജ്യത്തിന്റെ വിഭവങ്ങളിൽ അധിഷ്ഠിതമായതും കാലഘട്ടത്തിന്റെ ആവശ്യകതയ്ക്കനുസരിച്ചുള്ളതും

സമൂഹം നേരിടുന്ന പ്രശ്നങ്ങൾ അഭിസംബോധന ചെയ്യുന്നതിനുതകുന്നതുമായ ഗവേഷണ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും ശാസ്ത്രബോധമുള്ള ഒരു യുവതലമുറയെ വാർത്തെടുക്കുക എന്ന ഉത്തരവാദത്തിലൂന്നിയ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്നതിനും ശാസ്ത്രസാങ്കേതിക വകുപ്പിന് കഴിയുമെന്ന് സമിതി പ്രത്യാശിക്കുന്നു.

## II തീരദേശപരിപാലനനിയമം

17. ജൈവവൈവിധ്യത്തിന്റെ കലവറയായ സ്വാഭാവിക ആവാസകേന്ദ്രമാണ് തീരദേശം. ഉപ്പുവെള്ളം നിറഞ്ഞ ചതുപ്പുകൾ, കണ്ടൽക്കാടുകൾ, കടൽപ്പുല്ലുകൾ തുടങ്ങിയവ ഉൾക്കൊള്ളുന്ന തീരദേശങ്ങൾ ജലജീവികളുടെ പ്രജനനത്തിനുള്ള ആവാസ വ്യവസ്ഥ പ്രദാനം ചെയ്യുന്നവയാണ്. ഈ തീരദേശപ്രദേശങ്ങളുടെ തനതായ പരിസ്ഥിതി സംരക്ഷിച്ചുകൊണ്ട്, തീരദേശത്തെ മത്സ്യത്തൊഴിലാളി സമൂഹങ്ങളുടെയും മറ്റ് പ്രാദേശിക സമൂഹങ്ങളുടെയും സംരക്ഷണത്തിന് ഊന്നൽ നൽകിയുള്ള സുസ്ഥിര വികസനം എന്ന ലക്ഷ്യത്തോടെയാണ് തീരദേശ പരിപാലന നിയമം നിർമ്മിച്ചിരിക്കുന്നത്.

18. തീരദേശ പരിപാലന നിയമം എന്ന ആശയത്തിന്റെ ആവിർഭാവം 1980 കളുടെ തുടക്കത്തിലായിരുന്നു. ഗോവയിലെ തീരദേശ സമൂഹങ്ങളുടെ ജീവിതത്തെ താറുമാറാക്കിയ അതിരുകടന്ന വിനോദ സഞ്ചാരത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമെതിരെ 1981-ൽ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന യശശ്ശരീരയായ ഇന്ദിരാഗാന്ധിയുടെ നിർദ്ദേശ പ്രകാരമാണ് 1991-ലെ വിജ്ഞാപനത്തിനായുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. തീരദേശത്തെ വിവേചനരഹിതവും പരിസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നതുമായ വിവിധ പ്രവർത്തനങ്ങളെ നിയന്ത്രിക്കുവാൻ ഇതിലൂടെ സാധിച്ചെങ്കിലും തീരദേശ വാസികളുടെ ഔപചാരികവും ആചാരപരവുമായ അവകാശ ലംഘനങ്ങൾക്ക് ഇത് കാരണമായി. പിന്നീട് സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2011 ലും, ശൈലേഷ് നായക് കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2019-ലും കൂടുതൽ ഇളവുകളോടെ കേന്ദ്രസർക്കാർ തീരദേശ പരിപാലനനിയമം സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിച്ചു. 2011-ലെ തീരദേശപരിപാലനനിയമം സംബന്ധിച്ച വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലുള്ള തീരദേശമാപ്പ് പ്രാബല്യത്തിൽ വന്നത് 2019 ഫെബ്രുവരി 28-നാണ്. വിജ്ഞാപനം നിലവിൽ വന്ന് 8 വർഷങ്ങൾക്കു ശേഷമാണ്

നിയമത്തിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭ്യമായത്. കേന്ദ്രസർക്കാരിന്റെ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലുള്ള നിയമമായതുകൊണ്ടും വളരെയധികം സങ്കീർണ്ണമായ ഒന്നായതിനാലും ഇത് പ്രാബല്യത്തിൽ വരുത്തുന്നതിൽ വളരെ കാലതാമസം ഉണ്ടായി. ഇത്തരം കാലതാമസം തീരദേശവാസികളായ സാധാരണ ജനങ്ങൾക്കുണ്ടാക്കുന്ന ബുദ്ധിമുട്ടുകൾ ഗൗരവമായി പരിഗണിക്കപ്പെടേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. തീരദേശ പരിപാലന നിയമം, തീരദേശമാപ്പിംഗ്, തീരദേശ ഭവനനിർമ്മാണ പദ്ധതികൾ മുതലായവ സംബന്ധിച്ച് പരിസ്ഥിതി, തദ്ദേശസ്വയംഭരണം, മത്സ്യബന്ധന തുറമുഖം എന്നീ വകുപ്പുകളിൽ നിന്ന് ലഭ്യമാക്കിയ റിപ്പോർട്ടുകളുടേയും നടത്തിയ തെളിവെടുപ്പിന്റേയും അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും ശിപാർശകളുമാണ് ചുവടെ ചേർക്കുന്നത്.

**<u>തീരദേശ പരിപാലന മേഖല (CRZ)</u>**

19. തീരദേശ മേഖലയെ CRZ-I, CRZ-II, CRZ-III, CRZ-IV എന്നിങ്ങനെ നാലുവിഭാഗങ്ങളായും CRZ-I നെ CRZ-IA, CRZ-IB എന്നിങ്ങനെ വീണ്ടും രണ്ട് വിഭാഗങ്ങളായും തരംതിരിച്ചിരിക്കുന്നു. കണ്ടൽക്കാടുകൾ ഉൾപ്പെടെയുള്ള പരിസ്ഥിതി ദുർബല പ്രദേശങ്ങൾ CRZ-IA യിലും വേലിയേറ്റ രേഖയ്ക്കും വേലിയിറക്കരേഖയ്ക്കും ഇടയിലുള്ള ഇന്റർടൈഡൽ സോണുകൾ CRZ-IB യിലും ഉൾപ്പെടുന്നു. പരിസ്ഥിതിലോല പ്രദേശങ്ങളായ ഈ മേഖലയിൽ തീരദേശപരിപാലന നിയമത്തിൽ പ്രതിപാദിക്കുന്ന ഇളവുകളുള്ള പ്രവർത്തനങ്ങളൊഴികെ യാതൊന്നും അനുവദനീയമല്ല. കടലിന്റെ വേലിയേറ്റരേഖയിൽ നിന്നും 0-500 മീറ്ററിനിടയിൽ ഉള്ള ഭാഗങ്ങൾ CRZ-II -ൽ ഉൾപ്പെടുന്നവയാണ്. കേരളത്തിലെ 5 കോർപ്പറേഷനുകളിലും 36 മുനിസിപ്പാലിറ്റികളിലു മുൾപ്പെടുന്ന തീരപ്രദേശങ്ങൾ CRZ-II -ൽ ഉൾപ്പെടുന്നു.

20. CRZ-III മേഖലയെ CRZ-IIIA, CRZ-III B എന്നിങ്ങനെ രണ്ടായി തരംതിരിച്ചിരിക്കുന്നു. 2011 -ലെ സെൻസസ് പ്രകാരം ഒരു ചതുരശ്ര കിലോമീറ്ററിനുള്ളിൽ 2161-ലേറെ ജനസംഖ്യയുള്ള പ്രദേശങ്ങൾ CRZ-III A യിലും 2161-ൽ താഴെ ജനസംഖ്യയുള്ള പ്രദേശങ്ങൾ CRZ-III B യിലും ഉൾപ്പെടുന്നു. ജനസാന്ദ്രതയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ 245 തീരദേശ ഗ്രാമപഞ്ചായത്തുകൾ CRZ-III യിൽ ഉൾപ്പെടുന്നുണ്ട്. CRZ-IV മേഖലയെ CRZ-IV A, IV B എന്നിങ്ങനെ രണ്ടായി

തരംതിരിച്ചിരിക്കുന്നു. കടൽത്തീരത്തുനിന്ന് പന്ത്രണ്ട് നോട്ടിക്കൽ മൈൽ വരെയുള്ള താഴ്ന്ന വേലിയേറ്റ മേഖലയ്ക്കിടയിലുള്ള ജലപ്രദേശവും കടൽത്തീരവും CRZ-IV A യിലും തോടോ പുഴയോ ഉണ്ടെങ്കിൽ അതിന്റെ രണ്ടു കരകളുടെയും ഇടയിലെ വെള്ളമുള്ള ഭാഗം CRZ-IVB യിലും ഉൾപ്പെടുന്നതാണ്. പരമ്പരാഗത മത്സ്യബന്ധനം, തുറമുഖങ്ങൾ എന്നിവയുടെ നിയന്ത്രിത പ്രവർത്തനങ്ങൾ മാത്രം ഈ മേഖലയിൽ അനുവദനീയമാണ്.

21. 2011 -ലെ തീരദേശ പരിപാലനം സംബന്ധിച്ച വിജ്ഞാപനത്തിൽ നിന്നും കൂടുതൽ ഇളവുകൾ 2019 -ലെ വിജ്ഞാപനത്തിൽ അനുവദിച്ചിട്ടുണ്ട്. CRZ-IA യിൽ 1000 സ്ക്വയർ മീറ്ററിൽ കൂടുതൽ കണ്ടൽകാടുകളുള്ള പ്രദേശങ്ങളിൽ 50 മീറ്റർ ബഫർ സോണായി 2011 -ലെ വിജ്ഞാപനത്തിൽ വ്യവസ്ഥ ചെയ്തിരുന്നു. 2019 -ലെ വിജ്ഞാപനത്തിൽ ഇത് ഒഴിവാക്കുന്നതിനായി നിർദ്ദേശിച്ചിട്ടുണ്ട്. കായലുകൾക്ക് പുഴയുടെയോ തോടിന്റെയോ വീതിയില്ലെങ്കിൽ അവയുടെ കരഭാഗത്തെ വികസന നിഷിദ്ധമേഖല 2011 -ലെ വിജ്ഞാപനത്തിൽ 100 മീറ്റർ ആയിരുന്നത് 2019 -ലെ വിജ്ഞാപനത്തിൽ 50 മീറ്ററായി മാറ്റിയിട്ടുണ്ട്. കൂടാതെ കായൽ ദ്വീപുകളെ സംബന്ധിച്ച് 2011 -ലെ വിജ്ഞാപനത്തിൽ വികസന നിഷിദ്ധമേഖല 50 മീറ്റർ ആയിരുന്നത്, 2019 -ലെ വിജ്ഞാപനപ്രകാരം 20 മീറ്ററാക്കുകയും CRZ-III A -യിൽ 2011 -ലെ വിജ്ഞാപനപ്രകാരം വികസന നിഷിദ്ധ മേഖല 200 മീറ്റർ ആയിരുന്നത് 2019 -ലെ വിജ്ഞാപനപ്രകാരം 50 മീറ്ററായി ഇളവ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

22. പരിസ്ഥിതിലോല പ്രദേശങ്ങളായ CRZ-1A-യിൽ ഉൾപ്പെട്ടുവരുന്ന പ്രദേശങ്ങളിൽ ഇക്കോട്ടൂറിസം പദ്ധതികൾക്ക് 2019 -ലെ വിജ്ഞാപനത്തിൽ അനുമതി നൽകിയിട്ടുണ്ട്. ഇവ പരിസ്ഥിതി സംരക്ഷണത്തിനും പരിസ്ഥിതിലോല പ്രദേശങ്ങളുമായി ബന്ധപ്പെട്ട മുൻകരുതലുകൾക്കും വിധേയമായിട്ടാണ് അനുവദിക്കുന്നതെന്നും വിജ്ഞാപനത്തിൽ പറയുന്നു. എന്നാൽ പദ്ധതികൾ പ്രാബല്യത്തിൽ വരുമ്പോൾ ഈ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നത് പ്രധാനമാണ്. **ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് മാലിന്യങ്ങൾ നേരിട്ട് കടലിലേയ്ക്ക് ഒഴുക്കുന്നത് തടയുക, വായു മലിനീകരണം, ശബ്ദമലിനീകരണം, ജലജീവികളുടെ ആവാസ വ്യവസ്ഥയ്ക്ക് കോട്ടം വരുന്ന തരത്തിലുള്ള അമിതമായ ബോട്ട് സവാരി തുടങ്ങിയവയുമായി ബന്ധപ്പെട്ട പരിസ്ഥിതി നിയന്ത്രണങ്ങൾ കർശനമായും പാലിക്കുന്നുണ്ടെന്ന് പരിസ്ഥിതി വകുപ്പ് ഉറപ്പുവരുത്തേണ്ടതാണെന്ന് സമിതി**

**ശിപാർശ ചെയ്യുന്നു.**

23. തീരദേശപരിപാലന അതോറിറ്റിയ്ക്ക് (കെ.സി.സെഡ്.എം.എ.) കീഴിൽ, കേരളത്തിലെ തീരപ്രദേശം ഉൾപ്പെടുന്ന 10 ജില്ലകളിൽ അതത് ജില്ലാകളക്ടർമാർ ചെയർമാനായും ജില്ലാ ടൗൺ പ്ലാനർ മെമ്പർ സെക്രട്ടറിയായും മറ്റു മൂന്നു പേരെ പ്രതിനിധികളായും ഉൾപ്പെടുത്തി 2013-ൽ ജില്ലാതല കമ്മിറ്റികൾ രൂപീകരിച്ചെങ്കിലും 2018 മുതലാണ് അത് പ്രവർത്തനമാരംഭിച്ചത്. കെ.സി.സെഡ്.എം.എ. - യുടെ നടപടിക്രമം അനുസരിച്ച് 250 ചതുരശ്രമീറ്ററോ അതിനു താഴെയോ ഉള്ള വാസഗൃഹങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് CRZ II-ലും CRZIII-ലും അനുമതി നൽകാൻ പ്രസ്തുത ജില്ലാതല കമ്മിറ്റിക്ക് അധികാരമുണ്ട്. എന്നാൽ **പ്രസ്തുത ജില്ലാതല കമ്മിറ്റികൾ മാസങ്ങളോളം യോഗം ചേരാത്തതായി നിരീക്ഷിച്ച സമിതി, ജില്ലാതല കമ്മിറ്റികൾ മാസംതോറും കൃത്യമായി യോഗം ചേരണമെന്നും നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പുകൽപ്പിക്കണമെന്നും ശിപാർശ ചെയ്യുന്നു. കൂടാതെ, സംസ്ഥാനതല കമ്മിറ്റി രണ്ടുമാസത്തിലൊരിക്കലെങ്കിലും യോഗംചേരുകയും ജില്ലാതലകമ്മിറ്റികൾ കൃത്യമായി യോഗം ചേരുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.**

24. CRZ നോട്ടിഫിക്കേഷൻ പ്രകാരം, തീരദേശമേഖലകളിൽ നിർമ്മാണത്തിനായി സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ അനുമതി ലഭിക്കുന്നതിന് വർഷങ്ങളോളം കാത്തിരിക്കേണ്ടി വരുന്നതായി സമിതി മനസ്സിലാക്കുന്നു. **CRZ നോട്ടിഫിക്കേഷൻ പ്രകാരം വീടു നിർമാണത്തിനായി ലഭിക്കുന്ന അപേക്ഷകളിൽ 15 ദിവസത്തിനകം തീർപ്പുകല്പിക്കണമെന്നും അപേക്ഷയുടെ പരിഗണനയുടെ ഓരോഘട്ടത്തിനും നിശ്ചിത സമയപരിധി ഉണ്ടാകണമെന്നും കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥരുടെ മേൽ പിഴ ചുമത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

25. തീരദേശപരിപാലന നിയന്ത്രണത്തിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ വീടുകൾ നിർമ്മിക്കുന്നതിനായി ലഭിക്കുന്ന അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിന് വർഷങ്ങളുടെ കാലതാമസം വരുന്നതായ പരാതികൾ വസ്തുനിഷ്ഠമായി വിലയിരുത്തുന്നതിന് ലഭിക്കുന്ന അപേക്ഷകളിലെ തുടർനടപടികൾ സംബന്ധിച്ച് വ്യക്തത ഉറപ്പാക്കേണ്ടതുണ്ട്. ആയതിനാൽ, **ഓരോ ജില്ലയിലും ആകെ എത്ര വീടുകൾക്കുള്ള അപേക്ഷയാണ്**

**ലഭിച്ചതെന്നും അവയിൽ എത്രയെണ്ണം തീർപ്പുകൽപ്പിച്ചിട്ടുണ്ടെന്നുമുള്ള കണക്കുകൾ ഓരോ ജില്ലാതല കമ്മിറ്റിയും ആഴ്ചയിലൊരിക്കൽ സംസ്ഥാനതല കമ്മിറ്റിയെ അറിയിക്കേണ്ടതാണെന്നും പ്രസ്തുത വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.**

26. തീരദേശപരിപാലന നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ കെട്ടിടനിർമ്മാണത്തിനായി ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള തുടർനടപടികളിൽ കാലതാമസം ഉണ്ടാകുന്നതിന്റെ പ്രധാന കാരണം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിയമത്തെ കുറിച്ച് വേണ്ടത്ര അവബോധമില്ലാത്തതിനാലാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ **തദ്ദേശസ്വയംഭരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ തീരദേശ പരിപാലന നിയമം സംബന്ധിച്ച് അതത് പഞ്ചായത്തുകളിലെ ഉദ്യോഗസ്ഥർക്ക് അവബോധ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

27. കേരള തീരദേശപരിപാലന അതോറിറ്റിയിൽ CRZ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുക, അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുക തുടങ്ങിയ പ്രധാന ജോലികൾക്ക് സാങ്കേതിക വൈദഗ്ധ്യം ഉള്ളവരുടെയും, ഫയൽ ജോലികൾക്കായി മറ്റ് ഉദ്യോഗസ്ഥരുടെയും കുറവ് അനുഭവപ്പെടുന്നതായും ഇത് അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിൽ കാലതാമസം സൃഷ്ടിക്കുന്നതായും സമിതി മനസ്സിലാക്കുന്നു. ഇവ തീരദേശവാസികളുടെ ജീവിതത്തെ ബാധിക്കുന്ന വിഷയമായതിനാൽ **കേരള തീരദേശപരിപാലന അതോറിറ്റിയുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ അടിയന്തരമായി നിയമിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

28. തീരദേശപരിപാലന നിയമം നടപ്പിലാക്കുമ്പോൾ 1991-നു മുൻപുള്ളതും അതിനു ശേഷമുള്ളതുമായ നിർമ്മാണങ്ങൾ തമ്മിൽ വേർതിരിക്കേണ്ടതുണ്ട്. കേന്ദ്രഗവൺമെന്റിന്റെ വിജ്ഞാപനം അനുസരിച്ചാണ് ഇത് ചെയ്യേണ്ടതെന്നും സംസ്ഥാന ഗവൺമെന്റിന് മാത്രമായി ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കാൻ സാധിക്കില്ലെന്നും ചർച്ചകളിലൂടെ സമിതിക്ക് ബോധ്യപ്പെട്ടു. **ഇക്കാര്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയും ജനങ്ങളെ ബോധ്യപ്പെടുത്തണമെന്നും തർക്കങ്ങൾ പരിഹരിക്കേണ്ടതായ ഘട്ടങ്ങളിൽ തീരദേശമേഖലയിലെ എം.എൽ.എമാരെ കൂടി ഉൾപ്പെടുത്തി യോഗങ്ങൾ വിളിച്ചു ചേർത്ത് പ്രശ്നപരിഹാരത്തിനായി ശ്രമിക്കേണ്ടതാണെന്നും**

**സമിതി ശിപാർശ ചെയ്യുന്നു.**

29. തീരദേശ പരിപാലന നിയമം സംബന്ധിച്ച അപേക്ഷകളിൽ തീരുമാനമെടുക്കുമ്പോൾ തീരദേശത്തെ ഭൂമിശാസ്ത്രപരമായും കാലാവസ്ഥാപരവുമായ കാര്യങ്ങളിൽ കൂടുതൽ പ്രാഗൽഭ്യമുള്ള ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം മെച്ചപ്പെട്ട തീരുമാനങ്ങൾക്ക് സഹായകമാകുമെന്നതിനാൽ **തീരദേശമുള്ള എല്ലാ ജില്ലകളിലും CRZ സംബന്ധിക്കുന്ന ജില്ലാതല കമ്മിറ്റികളിൽ തീരദേശ പരിപാലനം സംബന്ധിച്ച മേഖലയിൽ ശാസ്ത്രീയമായും സാങ്കേതികമായും പരിജ്ഞാനമുള്ള ഒരു ഉദ്യോഗസ്ഥനെയെങ്കിലും ഉൾപ്പെടുത്തേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

30. 2019-ലെ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന തീരദേശ പരിപാലന പ്ലാനിന്റെ കരട് മാപ്പ് സംബന്ധിച്ച് നിർദ്ദേശം സമർപ്പിക്കുന്നതിന് എല്ലാ പഞ്ചായത്തുകൾക്കും സാധിച്ചിട്ടില്ലെന്നും ഇത് സംബന്ധിച്ച് പൊതുജനാഭിപ്രായം തേടുന്ന അവസരത്തിൽ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കുവാൻ പഞ്ചായത്തുകൾക്ക് അവസരം നൽകുന്നതാണെന്നും വകുപ്പിൽനിന്ന് ലഭിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സമിതി മനസ്സിലാക്കുന്നു. എന്നാൽ **പൊതുജനാഭിപ്രായം തേടിയ ശേഷം വലിയ മാറ്റങ്ങൾ സാധ്യമാകില്ല എന്നതിനാൽ കാതലായ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ടുള്ള കരട് പ്ലാൻ ആയിരിക്കണം പൊതുജനാഭിപ്രായം സ്വരൂപിക്കാൻ വേണ്ടി സമർപ്പിക്കേണ്ടതെന്നും ഈ പ്രദേശങ്ങളിലെ അടിസ്ഥാനപരമായ കാര്യങ്ങളിൽ അഭിപ്രായം പറയാൻ സാധിക്കുന്ന അധികാരസ്ഥാപനങ്ങൾ എന്ന നിലയിൽ കരടിന്റെ അന്തിമരൂപകല്പനയ്ക്ക് മുൻപുള്ള നിലവിലെ ഘട്ടത്തിൽ തന്നെ ബന്ധപ്പെട്ട പഞ്ചായത്തുകളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.**

31. ആഗോളതാപനത്തിന്റെ ഫലമായി കടൽജലനിരപ്പ് ഉയരുകയും കടലിൽ നിന്ന് ജലം കായലിലേയ്ക്ക് കൂടുതൽ പ്രവഹിക്കുകയും ചെയ്യുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. തീരദേശ കൈയ്യേറ്റങ്ങളും അനധികൃത നിർമ്മാണങ്ങളും കടലിന്റെയും കായലിന്റെയും വിസ്തീർണ്ണം കുറയ്ക്കുകയും അതുവഴി കടലാക്രമണത്തിന്റെയും വെള്ളപ്പൊക്കത്തിന്റെയും രൂക്ഷത വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഈ സാഹചര്യം പരമാവധി ഒഴിവാക്കുന്നതിനായി **2019-ലെ തീരദേശ പരിപാലന നിയമം പ്രാബല്യത്തിൽ വരുമ്പോൾ പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിൽ സാറ്റലൈറ്റ് മാപ്പുകളുടെ താരതമ്യ പഠനത്തിലൂടെ തീരദേശ കൈയ്യേറ്റങ്ങൾ കണ്ടെത്തേണ്ടതും അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

32. 2011-ലെ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ അനധികൃത നിർമ്മാണമെന്ന പേരിൽ തീരദേശ മേഖലയിലെ പലയിടങ്ങളിലും വീടുകളും മറ്റും പൊളിക്കുന്നതിനായി നോട്ടീസ് നൽകുന്നതായി സമിതി മനസ്സിലാക്കുന്നു. ഇത്തരത്തിൽ നോട്ടീസ് ലഭിച്ച പലരും 2019-ലെ വിജ്ഞാപന പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുള്ളവരാണെന്നും പ്ലാൻ തയ്യാറാക്കിക്കഴിഞ്ഞാൽ പൊളിക്കേണ്ട പ്രസ്തുത ലിസ്റ്റിൽപ്പെട്ട പല വീടുകളും പൊളിക്കേണ്ടി വരുകയില്ലെന്നും കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ടതായതിനാൽ ഈ വിഷയത്തിൽ ഉണ്ടാകുന്ന കാലതാമസം ഇവർക്ക് അർഹമായ ആനുകൂല്യം നിഷധിക്കപ്പെടുവാൻ കാരണമാകരുതെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ **2019-ലെ പുതിയ വിജ്ഞാപന പ്രകാരമുള്ള തീരദേശ പ്ലാൻ നിലവിൽ വരുന്നതുവരെ അനധികൃത നിർമ്മാണമെന്ന പേരിൽ വീടുകൾ പൊളിയ്ക്കുന്നതിന് നോട്ടീസ് നൽകുന്ന നടപടി തദ്ദേശസ്വയംഭരണ വകുപ്പ് നിർത്തിവയ്ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**33.** തീരദേശ പരിപാലന നിയമം ബാധകമാകുന്ന 398 തീരദേശ പഞ്ചായത്തുകൾക്ക് CRZ II-ലെ ഇളവുകൾ ലഭ്യമാക്കുന്നതിനായി അവയിലെ ജനസാന്ദ്രത കണക്കിലെടുത്ത് നഗരവത്ക്കരണ സ്വഭാവമുള്ള അർബനൈസിംഗ് പഞ്ചായത്തുകളാക്കി അവയെ 2021 ഒക്ടോബർ 13-ന് സംസ്ഥാന സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. **എന്നാൽ അവയെ മുനിസിപ്പാലിറ്റികളായി മാറ്റിയാൽ മാത്രമേ അംഗീകാരം നൽകാൻ സാധിക്കുകയുള്ളുവെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. അപ്രകാരം ചെയ്താൽ ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ ലഭിക്കുന്ന ആനുകൂല്യം പ്രസ്തുത പഞ്ചായത്തുകൾക്ക് നഷ്ടമാകുമെന്ന വസ്തുത കണക്കിലെടുക്കേണ്ടതുണ്ട്. പ്രസ്തുത പഞ്ചായത്തുകളിലെ നിരവധി സാധാരണക്കാർക്ക് തൊഴിൽ നൽകുന്ന പദ്ധതി നിലനിർത്തുന്നതോടൊപ്പം CRZ II-ന്റെ ഇളവുകൾ ലഭ്യമാക്കുകയും ചെയ്യേണ്ടതുണ്ടെന്ന് വിലയിരുത്തിയ സമിതി, കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ ഈ പ്രശ്നം എപ്രകാരം പരിഹരിക്കാൻ സാധിക്കുമെന്നത് പരിശോധിക്കേണ്ടതാണെന്നും ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതാണെന്നും ശിപാർശ ചെയ്യുന്നു.**

34. തീരദേശ പരിപാലന നിയമനിർമ്മാണവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ നടത്തുന്ന എല്ലാ പ്രവർത്തനങ്ങൾക്കും കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. മത്സ്യബന്ധന വകുപ്പ് തയ്യാറാക്കിയ ഇന്റഗ്രേറ്റഡ് ഫിഷറീസ് ഡെവലപ്മെന്റ് പ്ലാൻ, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അർബനൈസിംഗ് പഞ്ചായത്ത് സംബന്ധിച്ച വിജ്ഞാപനം തുടങ്ങിയവയെല്ലാം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണെന്നും ഇവയെല്ലാം തീരദേശ

പരിപാലന നിയമ രൂപീകരണവുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടതാണെന്നും ഇവയിലെ കേന്ദ്ര തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തീരദേശ പരിപാലന നിയമത്തിൽ പല ഇളവുകളും ലഭ്യമാക്കുവാൻ സാധിക്കുമെന്നും സമിതി മനസ്സിലാക്കുന്നു. **ആയതിനാൽ തീരദേശ പരിപാലനവുമായി ബന്ധപ്പെട്ട് വിവിധ സർക്കാർ വിഭാഗങ്ങൾ കേന്ദ്ര സർക്കാരിലേയ്ക്ക് അയച്ചിട്ടുള്ള പ്രൊപ്പോസലുകളിന്മേൽ കേന്ദ്ര അംഗീകാരം ലഭിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

35. വർഷം തോറും ഒരു പ്രത്യേക കാലയളവിൽ കടലിലെ വെള്ളം വറ്റിച്ച് കൃഷിചെയ്യുന്ന കൃഷിയിടങ്ങളാണ് പൊക്കാളിപ്പാടങ്ങൾ. 40 വർഷം മുമ്പുവരെ ഏകദേശം 24000 ഹെക്ടർ പൊക്കാളിപ്പാടങ്ങളും 4000 ഹെക്ടർ കൈപ്പാടങ്ങളും ഉണ്ടായിരുന്നു. ഇവയുടെ വശങ്ങളിലെ ബണ്ടുകൾ പലതും യഥാസമയം കേടുപാടുകൾ തീർക്കാത്തതിന്റെ ഫലമായി നശിച്ചുപോയവയാണ്. ബണ്ട് 1991-ന് മുൻപ് നിർമ്മിച്ചതാണെങ്കിൽ അത് High Tide Line ആയി പരിഗണിക്കാമെന്നുള്ള ഒരു ഭേദഗതി 26.11.2021 ന് കേന്ദ്രമന്ത്രാലയം വരുത്തിയിട്ടുണ്ട്. അതിനാൽ ഈ ബണ്ടുകൾ 1991-ന് മുൻപുതന്നെ അവിടെയുണ്ടായിരുന്നവയാണെന്ന് സ്ഥാപിക്കേണ്ടതുണ്ടെന്നും ഇവയെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാർക്ക് ചെയ്താൽ ഇളവുകൾ ലഭ്യമാകുമെന്നും സമിതി നിരീക്ഷിക്കുന്നു. **ബണ്ടുകളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനായി സാറ്റലൈറ്റ് സർവ്വേ, ഫിസിക്കൽ സർവ്വേ, സോഷ്യൽ സർവ്വേ തുടങ്ങിയ ഭാരിച്ച ജോലികൾ നിർവ്വഹിക്കേണ്ടതുള്ളതിനാൽ തദ്ദേശ സ്വയംഭണ വകുപ്പിനു കീഴിൽ ഈ പ്രത്യേക ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിനായി ഒരു സെൽ രൂപീകരിച്ച് സാങ്കേതിക പരിജ്ഞാനമുള്ള കൂടുതൽ ഉദ്യോഗസ്ഥരെ നിയമിച്ച് സമയബന്ധിതമായി ഈ ജോലി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**36. പൊക്കാളിപ്പാടങ്ങളിൽ 1991-ന് മുൻപുള്ള ബണ്ടുകൾ കൃത്യമായി മാർക്ക് ചെയ്യുക, ദ്വീപുകൾക്കുള്ള സംയോജിതപദ്ധതി തയ്യാറാക്കുക എന്നിങ്ങനെ തീരദേശ പരിപാലന നിയമ നിർമ്മാണത്തിൽ ഉൾപ്പെട്ടുവരുന്ന പ്രധാന സംഗതികൾ പ്രായോഗികമാക്കുന്നതിനായി ഇതുമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണം, മത്സ്യബന്ധന തുറമുഖം, പരിസ്ഥിതി എന്നീ വകുപ്പുകൾ സംയുക്ത യോഗങ്ങൾ ചേർന്ന് ഓരോന്നും**

**ഏതൊക്കെ മാസങ്ങളിൽ പൂർത്തിയാക്കാൻ സാധിക്കുമെന്ന രീതിയിൽ ഒരു ആക്ഷൻപ്ലാൻ തയ്യാറാക്കേണ്ടതും അവയുടെ പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**37. CRZ നോട്ടിഫിക്കേഷൻ പരിധിയിൽ വരുന്ന ദ്വീപുകളിൽ ഇന്റഗ്രേറ്റഡ് ഐലന്റ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയാൽ മാത്രമേ ഇളവുകൾ പ്രാബല്യത്തിൽ വരുകയുള്ളൂ. ഇത്തരത്തിൽ ഐലന്റ് മാനേജ്മെന്റ് പ്ലാൻ ആവശ്യമുള്ള 1826 ദ്വീപുകളാണ് സംസ്ഥാനത്തുള്ളത്. അവയിൽ 10 ഹെക്ടറിൽ കുറവുള്ള ദ്വീപുകളെ പ്ലാൻ തയ്യാറാക്കുന്നതിൽ നിന്ന് ഒഴിവാക്കുന്നതിനും 10 ഹെക്ടറിൽ കൂടുതലുള്ള അമ്പതോളം ദ്വീപുകൾക്ക് പ്ലാൻ തയ്യാറാക്കുന്നതിനുമായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിന് അംഗീകാരം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

38. തീരദേശ പരിപാലന നിയമം നടപ്പിലാക്കുമ്പോൾ സുസ്ഥിര വികസനം എന്ന ആശയം വളരെ വിശാലമായ കാഴ്ചപ്പാടോടെ കാണേണ്ടുന്നതാണ്. കേരളത്തിന്റെ ഭൂപ്രകൃതി തീരപ്രദേശമുള്ള മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമാണ്. കിഴക്ക് ഭാഗം മലനിരകളും പടിഞ്ഞാറ് സമുദ്രവുമുള്ള ഒരു താഴ്വര പ്രദേശമാണ് കേരളം. കേരളത്തിലെ കടലിലുണ്ടാകുന്ന ചെറിയ വ്യതിയാനങ്ങൾപോലും തീരദേശത്തെ പ്രതികൂലമായി ബാധിക്കുന്നതാണ്. തീരദേശ പരിപാലന നിയമത്തിന്റെ പൂർണ്ണമായ പ്രയോജനം ജനങ്ങൾക്ക് അനുഭവവേദ്യമാക്കുന്നതോടൊപ്പം ഈ നിയമത്തിന്റെ വ്യാഖ്യാനങ്ങൾ അവരുടെ മുന്നോട്ടുള്ള ജീവിതത്തെ ദുസ്സഹമാക്കാതിരിക്കുന്നതിനുള്ള ഉത്തരവാദിത്തവും നിയമ നിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും ഉണ്ടാകേണ്ടതാണ്. തീരദേശത്തിന്റെ വികസനം പ്രധാനവും തീരപ്രദേശത്തെ ആവാസ വ്യവസ്ഥയുടെയും ജനജീവിതത്തിന്റെയും സുരക്ഷ പരമപ്രധാനവുമായി കണക്കിലെടുത്തുകൊണ്ട് തീരദേശ പരിപാലന നിയമ നിർമ്മാണത്തിനുള്ള ശ്രമങ്ങൾ താമസംവിനാ ഫലപ്രാപ്തിയിലെത്തുമെന്ന് സമിതി പ്രത്യാശിക്കുന്നു.

തിരുവനന്തപുരം,
2022 മാർച്ച്

**കെ. കെ. ശൈലജ ടീച്ചർ,**
അദ്ധ്യക്ഷ,
എസ്റ്റിമേറ്റ്സ് കമ്മിറ്റി.